"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് 2000-01 വർഷം പണികഴിപ്പിച്ച വൃദ്ധ സദനത്തിനായുള്ള കെട്ടിടത്തിൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

**സ.ഉ.(സാധാ) നം.830/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/05/2020

---

പരാമർശം:- 1 ഗ്രാമവികസന കമ്മീഷണറുടെ 16.01.2020 തീയതിയിലെ

ഡി.പി.4/13394/19/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് 2000-01 വർഷം ജനകീയാസൂത്രണ പദ്ധതിയുടെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി വൃദ്ധരുടെ ക്ഷേമത്തിനായി പണി പൂർത്തീകരിച്ച വൃദ്ധസദനവും അതിലേക്കായി വാങ്ങിയ ഫർണിച്ചറുകളും നാളിതുവരെ ഉപയോഗിക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുകയും, ആയത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ് എന്നിവരുടെ ആഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉള്ളതുമാണ്. വൃദ്ധസദനം പ്രാവർത്തികമാക്കാൻ ശ്രമിച്ചെങ്കിലും ഫലവത്താകാത്ത സാഹചര്യത്തിൽ കെട്ടിടം ഗുണപരമായി ഉപയോഗിക്കാൻ പദ്ധതി തയ്യാറാക്കുന്നതിനുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ കണക്കിലെടുത്ത് സാമൂഹിക നീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ സ്വയംഭരണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിറ്റേഷൻ (NIPMR) അധികൃതരുമായി ചർച്ചകൾ നടത്തി പ്രസ്തുത സ്ഥാപനത്തിന്റെ ഒരു സാറ്റലൈറ്റ് സെന്റർ ഭിന്നശേഷിക്കാർക്ക് (ഓട്ടിസം ബാധിച്ചവർ ഉൾപ്പെടെയുള്ളവർക്കായി) ചികിത്സയും, സേവനവും ലഭ്യമാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രാവർത്തികമാക്കുന്നതിന് ടി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഉപയോഗപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റീഹാബിലിറ്റേഷൻ സെന്ററിന് ആവശ്യമായ ഫർണിച്ചറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും തെറാപ്പിസ്റ്റുകൾക്ക് പ്രതിഫലം നൽകുന്നതിനുമായി 10,57,350/- രൂപയുടെ പദ്ധതി തയ്യാറാക്കി അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും പരാമർശ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകളിലോ, മേഖല അടിസ്ഥാനത്തിലുള്ള ചുമതലകളിലോ അനിവാര്യ ചുമതലകളിലോ വൃദ്ധ സദനം നിർമ്മാണമോ പരിപാലനമോ ഉൾപ്പെടുന്നില്ല എന്നും ആയതിനാൽ ഇതിലേക്കായി ബ്ലോക്കിന്റെ വികസന ഫണ്ട് ചെലവഴിക്കുന്നത് ക്രമവിരുദ്ധമാണെന്നും, വൃദ്ധസദനത്തിനായി പണികഴിപ്പിച്ച കെട്ടിടവും ഫർണിച്ചറുകളും വർഷങ്ങളായി നിഷ്ക്രിയ ആസ്തിയായി തുടരുന്നതിനാൽ ഇനിയും ഈ ആസ്തിയിലേയ്ക്ക് പണം ചെലവഴിക്കാതെ കെട്ടിടവും ഉപകരണങ്ങളും

ഉപയോഗപ്പെടുത്തുവാൻ ഉതകുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കണമെന്നും അക്കൗണ്ടന്റ് ജനറലിന്റെയും. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെയും ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്.

3. മേൽ വിവരിച്ച സാഹചര്യത്തിലും, അങ്കമാലി ബ്ലോക്കിൽ ഭിന്നശേഷിക്കാരുടെ എണ്ണം ജില്ലാ ശരാശരിയെക്കാൾ ഉയർന്നതാണെ വസ്തുത പരിഗണിച്ചാണ് ബ്ലോക്ക് പഞ്ചായത്ത് ഈ പദ്ധതി തയ്യാറാക്കിയിരിക്കുന്നത് എന്നത് കണക്കിലെടുത്തും അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് 2000-01 വർഷം ജനകീയാസൂത്രണ പദ്ധതിയുടെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി വൃദ്ധരുടെ ക്ഷേമത്തിനായി പണി പൂർത്തീകരിച്ച വൃദ്ധസദനത്തിന്റെ കെട്ടിടവും അതിലേക്കായി വാങ്ങിയ ഫർണിച്ചറുകൾ ഉൾപ്പെടെയുള്ള ആസ്തികളും സാമൂഹിക നീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ സ്വയംഭരണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിറ്റേഷന്റെ (NIPMR) ഒരു സാറ്റലൈറ്റ് സെന്റർ, ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രാവർത്തികമാക്കുന്നതിന് വേണ്ടി ഉപയോഗപ്പെടുത്താൻ അനുമതി നൽകി ഉത്തരവാകുന്നു. ഇതിലേക്കായി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള പദ്ധതിയ്ക്ക്, നിലവിലുള്ള ആസ്തികൾക്ക് മേൽ കൂടുതൽ പണം ചെലവഴിക്കുന്നത് ഒഴിവാക്കണമെന്ന നിബന്ധനയോടെ അംഗീകാരം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുകുട്ടന് എം എസ്**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ് :ഗ്രാമവികസന കമ്മീഷണർ. തിരുവനന്തപുരം

സെക്രട്ടറി. ബ്ലോക്ക് പഞ്ചായത്ത്. അങ്കമാലി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്). തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ. I&PRD

ഡയറക്ടർ. ഐ.കെ.എം.. തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.[illegible] 11:11:52 IST
Reason: Approved
സെക്ഷൻ ഓഫീസർ